"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ് - ശ്രീ ചിത്രാ ഹോം സൂപ്രണ്ട്, ശ്രീമതി.വി.ബിന്ദുവിന്റെ (മുൻ വെട്ടിക്കവല ഗ്രാമപഞ്ചായത്ത് സെക്രട്ടറി) അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.99/2025/WCDD തീയതി,തിരുവനന്തപുരം, 07-03-2025

---

പരാമർശം:-

1. 10.05.2013-ലെ 42/2013/ധന നം.സർക്കുലർ
2. 25.01.20222-ലെ സ.ഉ(സാധാ)നം.60/2022/വശിവിവ
3. 26.092023-ലെ സ.ഉ(സാധാ)നം.547/2023/വശിവിവ
4. 05.02.2024-ലെ സ.ഉ(സാധാ)നം.50/2024/വശിവിവ
5. വനിതാ ശിശു വികസന ഡയറക്ടറുടെ 21.01.2025-ലെ DWCD/7660/2024-E9 നം.കത്ത്

**ഉത്തരവ്**

ശ്രീ ചിത്രാ ഹോം സൂപ്രണ്ടായി അന്യത്ര സേവന വ്യവസ്ഥയിൽ പരാമർശം (2) ലെ ഉത്തരവു പ്രകാരം 01.02.2022 ന് നിയമിതയാകുകയും, പരാമർശം (3), (4) ഉത്തരവു പ്രകാരം അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തു മുൻ വെട്ടിക്കവല ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി.വി.ബിന്ദുവിന്റെ അന്യത്ര സേവന കാലാവധി 31.01.2025 ന് അവസാനിച്ച സാഹചര്യത്തിൽ ആയത് 01.02.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനായി വനിതാ ശിശു വികസന ഡയറക്ടർ പരാമർശം (5) പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ ചിത്രാ ഹോം സൂപ്രണ്ട് ആയി അന്യത്ര സേവനവ്യവസ്ഥയിൽ തുടരുന്ന മുൻ വെട്ടിക്കവല ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി.വി.ബിന്ദുവിന്റെ അന്യത്ര സേവന കാലാവധി, പരാമർശം (1) ലെ സർക്കുലറിലെ നിബന്ധനകൾക്കും നിലവിലെ അന്യത്ര സേവന വ്യവസ്ഥകൾക്കും വിധേയമായി 01.02.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) അന്യത്ര സേവനത്തിന്റെ അനുവദിക്കപ്പെട്ട കാലാവധി അവസാനിക്കുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് ലഭിക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം ഉദ്യോഗസ്ഥയെ വിടുതൽ ചെയ്യേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലവയളവ് ക്രമീകരിക്കേണ്ടതില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.റ്റി.കെ.

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി.വി.ബിന്ദു, സൂപ്രണ്ട്, ശ്രീ ചിത്രാ ഹോം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഓഫീസ് കോപ്പി/കരുതൽ ശേഖരം

പകർപ്പ്
ബഹു.വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പി എസ്
ബഹു. തദ്ദേശ സ്വയം ഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പി എസ്

ഉത്തരവിൻ പ്രകാരം

**Signed by Hena. R Raj**
**Date: 10-03-2025 11:17:30**

സെക്ഷൻ ഓഫീസർ